# ഉയിർപ്പുകാലം അഞ്ചാം ഞായർ

## ഏശ 49:7-13; നടപടി 9:1-13; ഹെബ്രാ 10:26-39; യോഹ 21:1-14

ഏശ 49:7-13, ബാബിലോൺ അടിമത്തത്തിൽനിന്ന് സ്വതന്ത്രരായി, ആദ്യത്തെ പുറപ്പാടിനെ വെല്ലുന്ന ഒരു പുതിയ പുറപ്പാടിലൂടെ വീണ്ടും വാഗ്ദത്തനാട്ടിലയ്ക്കു തിരികെ പോകുന്നതിക്കുറിച്ചുള്ള പ്രതിപാദ്യമാണ്. ഈ പുതിയ പുറപ്പാടിന്റെ വിവരണം ചരിത്രപരമായി അക്ഷരാർത്ഥത്തിൽ നിറവേറപ്പെട്ടോ എന്ന് പറയുവാൻ കഴിയില്ല. എന്നാൽ, ഈ വി. ഗ്രന്ഥഭാഗം മുമ്പോട്ടുവയ്ക്കുന്ന കർത്താവിന്റെ ദാസനിലൂടെ നിറവേറ്റപ്പെടുന്ന പുതിയ പുറപ്പാടിന്റെ മാനങ്ങൾ ഉത്ഥിതനായ ഈശോയിൽ പൂർത്തീകരിക്കപ്പെടുന്നുണ്ട്. മുൻവിധികളുടെയും തെറ്റായ വിലയിരുത്തലിന്റെയും അന്ധകാരത്തിന്റെയും അടിമത്തത്തിൽ കഴിഞ്ഞിരുന്ന സാവൂളിന് സത്യം വെളിപ്പെടുത്തുന്ന പ്രകാശധാരയായ ഉത്ഥിതൻ അദ്ദേഹത്തിന് സ്വാതന്ത്ര്യത്തിന്റെ വഴി തുറന്നുകൊടുക്കുന്നു (**നടപടി 9:1-13**). സത്യം മനസ്സിലാക്കി അതു പുൽകുവാനുള്ള സ്വാതന്ത്ര്യമാണല്ലോ യഥാർത്ഥ സ്വാതന്ത്ര്യം (ഹെബ്രാ 10:26). തന്റെ ബോധ്യങ്ങളെ ഉത്ഥിതനായ കർത്താവിന്റെ ദിവ്യപ്രകാശത്തിൽ വിലയിരുത്തി, ഈശോ മിശിഹായിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവികപദ്ധതിയെ തിരച്ചറിഞ്ഞ സാവൂൾ, തന്റെ പഴയ ബോധ്യത്തിന്റെ സങ്കുചിതത്വത്തിൽനിന്നും ഈശോമിശിഹായിലുള്ള വിശ്വാസത്തിന്റെ വിശാലതയിലേയ്ക്കും സ്വാതന്ത്ര്യത്തിലേയ്ക്കും കടന്നുപോകുന്നത് ഒരു പുതിയ പുറപ്പാടനുഭവമാണ്. ദൈവകാരുണ്യത്തിന്റെ കൊള്ളിയാൻ സാവൂളിനെ പുതിയൊരു വ്യക്തിയാക്കി. സത്യം തിരിച്ചറിഞ്ഞ സാവൂൾ അതനുസരിച്ച് തന്റെ ജീവിതത്തെ അനുരൂപപ്പെടുത്തി. ഈശോമിശിഹായുടെ കാരുണ്യത്തിന്റെയും അവിടുന്നിലൂടെ നൽകപ്പെട്ട യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെയും മൗലികാനുഭവമാകണം പൗലോസ് ശ്ലീഹായെ ക്രിസ്തുവിശ്വാസം യഹൂദമതത്തിന്റെ അതിർവരമ്പുകൾക്കപ്പുറത്ത് വ്യാപിപ്പിക്കുവാൻ പ്രാപ്തനാക്കിയത്. ഈശോമിശിഹായിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ കാരുണ്യഭാവം, ക്രിസ്തുവിശ്വാസത്തിന്റെ ഉന്മൂലകനെ അതിന്റെ സംരക്ഷകനും പ്രേഷിതനുമാക്കിയതുപോലെ ഉത്ഥിതനായ മിശിഹായിലൂടെലഭിക്കുന്ന രക്ഷ യഹൂദമക്കൾക്കെന്നപോലെ മറ്റുള്ളവർക്കും കൂടിയുള്ളതാണെന്ന ബോധ്യത്തിലെത്തുവാൻ പൗലോസ്ശ്ലീഹായ്ക്ക് എളുപ്പമായിരുന്നിരിക്കണം.

തിബേരിയൂസ് കടൽത്തീരത്ത് വച്ച് ഉത്ഥിതനായ ഈശോ മീൻപിടുത്തത്തിലേർപ്പെട്ടിരുന്ന പത്രോസിനും കൂട്ടുശിഷ്യർക്കും പ്രത്യക്ഷനാകുന്ന വിവരണത്തേയും ഈശോയാകുന്ന കർത്താവിന്റെ ദാസൻ (എവെദ് യാഹ്‌വെ) നൽകുന്ന പുതിയ പുറപ്പാടിന്റെ അനുഭവമായി മനസ്സിലാക്കാം. പണ്ഡിത മതമനുസരിച്ച് യോഹ 21:1-25 യോഹന്നാന്റെ സുവിശേഷത്തിലേയ്ക്ക് ഒരു ഉപസംഹാരം എന്ന നിലയിൽ പിൽക്കാലത്ത് കൂട്ടിച്ചേർന്നതാണ്. ഏതായാലും രചനയുടെ നൂലാമാലകളിലേയ്ക്ക് കടക്കാതെ ഇതിലെ സന്ദേശം നമുക്ക് ഗ്രഹിക്കാൻ ശ്രമിക്കാം. ഈശോയുടെ മരണം അവിടുത്തെ ശിഷ്യരിൽ തീർച്ചയായും തങ്ങളുടെ ഭാവിയെക്കുറിച്ചും ഭാവിപരിപാടികളെക്കുറിച്ചും അവ്യക്തവും അവരിൽ ദിശാഭ്രംശവും ഉണ്ടാക്കിയിരിക്കണം. ഇനി എന്ത് എന്ന ചോദ്യത്തിനുമുമ്പിൽ പകച്ചുനിന്ന അവരിൽ കുറെപേർ പത്രോസിന്റെ നേതൃത്ത്വത്തിൽ ഒരു നാൾ ഈശോയുടെ ആഹ്വാനമനുസരിച്ച് ഉപേക്ഷിച്ചുകളഞ്ഞ ശീലിച്ച തൊഴിൽ പുനരാരംഭിക്കുവാൻ ശ്രമിക്കുന്നു. ഈശോയുടെ കുരിശു മരണത്തിന്റെ ആഘാതത്തിൽ കഴിഞ്ഞിരുന്ന ശിഷ്യസമൂഹത്തിന്റെ മാനസികാവസ്ഥയെ ബാബിലോൺ വിപ്രവാസത്തിൽ കഴിഞ്ഞിരുന്ന തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റേതിനോട് താരതമ്യപ്പെടുത്താം. വിപ്രവാസകാലം ദൈവികപദ്ധതിയുടെ പരാജയമായികണ്ട അവർക്ക് അത് ആശാഭംഗത്തിന്റെയും മോഹഭംഗത്തിന്റെയും പ്രതീക്ഷയില്ലായ്മയുടെയും അവസ്ഥാവിശേഷമായിത്തീർന്നു. അവരുടെ അപര്യാപ്തതാ മനോഭാവത്തിന്റെ പ്രതിഫലനമാണ് രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും മീൻ കിട്ടാതിരുന്നതിൽ കാണുക. കുരിശുമരണം തീർത്ത അപര്യാപ്തയുടെയും തങ്ങൾ പ്രതീക്ഷയർപ്പിച്ചവന്റെയും അവന്റെ മൂല്യങ്ങളുടെയും പരാജയത്തിന്റെയും അനുഭവം തീർത്ത മനോഹിതത്തിൽനിന്ന് അവരെ മോചിപ്പിച്ച്, മിശിഹായുടെ ഉത്ഥാനം പ്രദാനം ചെയ്യുന്ന ജീവന്റെയും പ്രത്യാശയുടെയും സമൃദ്ധിയിലേയ്ക്ക് നയിക്കുകയാണ് ഉത്ഥിതനായ കർത്താവ്. ഉത്ഥിതനായ കർത്താവിന്റെ വാക്കുകൾ അനുസരിച്ച് വല വീശിയപ്പോൾ തങ്ങളുടെ ശക്തികൊണ്ട് സാധിക്കാത്ത കാര്യം പത്രോസിനും കൂട്ടർക്കും സാധിതമായി. അതിലൂടെ അവർ രാത്രിമുഴുവൻ അദ്ധ്വാ

നിച്ചിട്ടും ഒന്നും കിട്ടിയില്ല എന്ന ഇച്ഛാഭംഗത്തിൽനിന്നും തങ്ങൾ പ്രതീക്ഷയർപ്പിച്ചവൻ മരണത്തിന്റെ ശക്തിയെ അതിജീവിച്ചിരിക്കുന്നു എന്ന പുതിയ തിരിച്ചറിവിലേയ്ക്കും അതു നൽകുന്ന ആനന്ദത്തിലേയ്ക്കും അവൻ നയിക്കപ്പെട്ടു. ഉത്ഥിതനായവന്റെ ശക്തിയിൽ ആശ്രയിച്ചാൽ മാനുഷിക പരിമിതികളെ അതിജീവിക്കുവാനാകുമെന്ന സന്ദേശവും ഇതിലൂടെ നൽകപ്പെടുന്നുണ്ട്.

ഏശ 49:9-11, ബാബിലോണിൽനിന്നും വാഗ്ദത്തദേശത്തേയ്ക്കുള്ള യാത്രയിൽ, യാത്രികർക്ക് സമൃദ്ധിയായി ആഹാരം നൽകുന്ന ദൈവത്തിന്റെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്ഥിതനായ ഈശോയിൽ ഈ ചിത്രവും നിവർത്തിതമാകുന്നു. രാത്രിയുടെ അദ്ധ്വാനത്തിന്റെ ക്ലേശത്താൽ വിശന്നുവലഞ്ഞിരുന്ന ശിഷ്യർക്ക് ഈശോ ഭക്ഷണമൊരുക്കി, അവരോടൊപ്പം ഭക്ഷണം പങ്കിട്ടു.

കാനാൻ ദേശത്തേയ്ക്കുള്ള ആദ്യത്തെ പുറപ്പാടിന്റെ നാളുകളിൽ മന്ന നൽകി ദൈവജനത്തെ സംരക്ഷിച്ച ദൈവം, ബാബിലോൺ വിപ്രവാസത്തിൽ നിന്നുള്ള തിരികെയാത്രയാകുന്ന രണ്ടാം പുറപ്പാടിൽ കൂടുതൽ കരുതലോടെ ദൈവജനത്തെ പോറ്റിനടത്തിയ ദൈവം, ഇന്നിതാ, തന്റെ അനുയായികളുടെ ക്ലേശത്തിൽ അവരോടൊപ്പം ആയിക്കൊണ്ട് അവർക്ക് ഭോജനം ഒരുക്കിക്കൊണ്ടും ഭോജനമായും അവരുടെ കൂട്ടായ്മയിൽ പങ്കുചേരുന്ന സജീവ സാന്നിദ്ധ്യമായിത്തീർന്നിരിക്കുന്നു. അങ്ങനെ ഉത്ഥിതനായവൻ സദാ സംലഭ്യമാകുന്ന സജീവസാന്നിദ്ധ്യമായി. ഏശയ്യാപ്രവാചകൻ വിഭാവനം ചെയ്ത പഥികർക്ക് യാത്രയിൽ ഭക്ഷണപാനീയങ്ങൾ നൽകി അവരെ തളർച്ചയറിയാതെ ലക്ഷ്യസ്ഥാനത്തേയ്ക്ക് ആനയിക്കുന്ന ദൈവത്തിന്റെ ചിത്രം ഈശോമിശിഹായിലാണ് പൂർണ്ണമായി സഫലീകരിക്കുക. തന്റെ ശരീരവും രക്തവും ഭക്ഷണമായി നൽകി, തന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും അവിടുന്ന് നിത്യജീവിന്റെ സ്രോതസ്സായി. സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കിയുള്ള യാത്രയിൽ പഥികർക്ക് ജീവശക്തിയുടെ നിദാനമായി അവിടുന്ന് തന്റെ ജീവൻ പകുത്തുനൽകി. യാത്രയുടെ ക്ലേശത്തിൽ വലയുന്നവർക്ക് അത്താണിയായും ഓജസ്സുനൽകുന്ന സാന്നിദ്ധ്യമായും ഉത്ഥിതനായ കർത്താവ് ദിവ്യകാരുണ്യത്തിന്റെ രൂപത്തിൽ സജീവസാന്നിദ്ധ്യമായി ലോകവസാനം വരെ എല്ലാവർക്കും സംലഭ്യനായിത്തീർന്നിരിക്കുന്നു. ആ ജീവചൈതന്യം നമ്മുടെ ജീവിതങ്ങളെ തഴുകിയുണർത്തട്ടെ. നിത്യജീവന്റെ വാഗ്ദത്ത നാട്ടിലേയ്ക്ക് നയിക്കട്ടെ.